**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 257** | **25-10-2021 - ൽ മറുപടിയ്ക്ക്**

**പൈതൃക ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി ആരംഭിച്ച പൈതൃക സംരക്ഷണ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി ആരംഭിച്ച പൈതൃക സംരക്ഷണ പദ്ധതികളുടെ ലക്ഷ്യങ്ങളും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പരിഗണനയിൽ വരുന്ന പ്രധാന ഇടങ്ങൾ ഏതൊക്കെയാണെന്നും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | ഒരു വിശാലമായ പ്രദേശത്തെ ചരിത്ര സ്മാരകങ്ങളെ വിനോദസഞ്ചാരവുമായി കൂട്ടിയിണക്കി പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ വിവിധ മേഖലകളിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ടൂറിസം വകുപ്പ് കേരളത്തിലെ പ്രധാന ചരിത്ര സ്മാരകങ്ങളെ സംരക്ഷിച്ചും തനത് പൈതൃക കെട്ടിടങ്ങളും അവയുടെ പൗരാണികതയും വാസ്തുവിദ്യയും നിലനിർത്തിക്കൊണ്ടുമാണ് പൈതൃക ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നത്. ചരിത്രപ്രാധാന്യമുള്ള ക്ഷേത്രങ്ങളും, പള്ളികളും കെട്ടിടങ്ങളും ആസ്വദിക്കാൻ സ്വദേശീയരും വിദേശീയരുമായ വിനോദസഞ്ചാരികൾ കേരളത്തിൽ എത്തുന്നുണ്ട്. വിദേശ ടൂറിസ്റ്റുകളെയും ആഭ്യന്തര ടൂറിസ്റ്റുകളെയും ഒരുപോലെ ആകർഷിക്കുന്ന രീതിയിൽ പഴമയുടെ പ്രൗഢി നിലനിർത്തിക്കൊണ്ടാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്യുന്നത്. ഈ പദ്ധതികൾ എല്ലാം പൂർത്തിയാകുന്നതോടെ കേരളത്തിലെ പൈതൃക ടൂറിസം ലോകശ്രദ്ധ ആകർഷിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈ പദ്ധതികൾ നടപ്പാക്കുന്നതിലൂടെ തദ്ദേശീയർക്ക് തൊഴിൽപരമായും സാമ്പത്തികമായും അഭിവൃദ്ധി ഉണ്ടാകുന്നതാണ്. കൂടാതെ ഗവേഷകർക്കും വിദ്യാർത്ഥികൾക്കും തനത് പുരാതന ആർക്കിടെക്ച്ചറൽ രീതികളെ കണ്ട് മനസ്സിലാക്കാനുള്ള സാഹചര്യം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 1. ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി

തിരുവിതാംകൂറിന്റെ ചരിത്ര പ്രാധാന്യം വ്യക്തമാക്കുന്ന സ്ഥലങ്ങളെ കൂട്ടിയിണക്കി പൈതൃക സർക്യൂട്ട് ആരംഭിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ആർക്കിടെക്റ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആർക്കിടെക്ട് രൂപരേഖ തയ്യാറാക്കിയ ശേഷം മാത്രമേ ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളെപ്പറ്റിയുള്ള വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

ഈ പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ തലസ്ഥാന നഗരിയിലെ പൈതൃക കെട്ടിടങ്ങൾ അവയുടെ പൗരാണികതയും വാസ്തുവിദ്യയും വെളിവാകത്തക്ക വിധത്തിൽ ദീപാലംകൃതമാക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തലസ്ഥാന നഗരിയിലെ വിവിധങ്ങളായ 30 പൈതൃക കെട്ടിടങ്ങളെ ഉൾപ്പെടുത്തി 5 സോണുകളിലായി 35.60 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണ ഏജൻസി SILK Ltd ആണ്. പദ്ധതി ഇപ്പോൾ ടെണ്ടർ സ്റ്റേജിലാണ്.

**സോൺ എ**

- പബ്ലിക് ഓഫീസ് ബിൽഡിംഗ്
- ട്രിഡാ ഓഫീസ്
- പോലീസ് ഹെഡ്ക്വാർട്ടേഴ്സ്
- ബാങ്ക് ഹൗസ്

**സോൺ ബി**

- നേപിയർ മ്യൂസിയം
- കനകക്കുന്ന് പാലസ്
- കേരള മ്യൂസിയം ഓഫ് ഹിസ്റ്ററി ആന്റ് ഹെറിറ്റേജ്
- കെ.റ്റി.ഡി.സി മാസ്കറ്റ് ഹോട്ടൽ
- പി.എം.ജി. ബിൽഡിംഗ്

**സോൺ സി**

- സി.എസ്.ഐ മാറ്റീർ മെമ്മോറിയൽ ചർച്ച്
- എൽ.എം.എസ്. വിൽസ് ഹോസ്റ്റൽ ഫോർ മെൻ

- ഫൈൻ ആർട്സ് കോളേജ്
- സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
- ഗവ. കോളേജ് ഹോസ്റ്റൽ ഫോർ മെൻ
- സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ച്
- യൂണിവേഴ്സിറ്റി കോളേജ്
- സാൻസ്ക്രിറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് യൂണിവേഴ്സിറ്റി കോളേജ്

**<u>സോൺ ഡി</u>**

- സെന്റ് ജോസഫ് ചർച്ച്
- പാളയം ജുമാ മസ്ജിദ്
- രക്തസാക്ഷി മണ്ഡപം
- ശ്രീ ശക്തി വിനായക ടെമ്പിൾ
- വി.ജെ.റ്റി. ഹാൾ
- എ.ജി.ഓഫീസ്
- കന്നിമാര മാർക്കറ്റ് ഗേറ്റ്

**<u>സോൺ ഇ</u>**

- ഈസ്റ്റ് ഫോർട്ട് ഗേറ്റ്
- പഴവങ്ങാടി കോട്ട
- വെട്ടിമുറിച്ചകോട്ട
- ശ്രീവരാഹം കോട്ട
- സുന്ദരവിലാസം പാലസ്
- വെസ്റ്റ് ഫോർട്ട് ഗേറ്റ്

## 2 ആലപ്പുഴ ഹെറിറ്റേജ് പദ്ധതി

2.1 ആലപ്പുഴ ഹെറിറ്റേജ് പദ്ധതി (കിഫ്ബി മുഖാന്തരം)

ഈ പദ്ധതിയ്ക്ക് 122.28 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി 5 ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി 76.08 കോടി രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചു. പദ്ധതിയുടെ നിർവ്വഹണ ഏജൻസി INKEL Ltd. ആണ്.

**ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പ്രധാനമായും താഴെ പറയുന്ന ഘടകങ്ങൾ ആണ് ഉൾപ്പെട്ടിരിക്കുന്നത്.**

ലിവിംഗ് കയർ മ്യൂസിയം (4 ഘടകങ്ങൾ), കൺസർവേഷൻ ഓഫ് സൗക്കർ മസ്ജിദ്, കൺസർവേഷൻ ഓഫ് മക്ക മസ്ജിദ്, ശിവപാർവ്വതി ക്ഷേത്രം, ബാലകൃഷ്ണ ക്ഷേത്രം, ഹനുമാൻ ക്ഷേത്രം , നോർട്ടൺ ബംഗ്ലാവ്, എസ് ഡി വി സ്കൂൾ, വില്യംഗുഡ് ഏക്കർ മ്യൂസിയം

**ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ആകെ 7 ഘടകങ്ങൾ ആണ് ഉൾപ്പെട്ടിരിക്കുന്നത്.**

- പോർട്ട് മ്യൂസിയം
- മാരിറ്റൈം സിഗ്നലിംഗ് മ്യൂസിയം
- എൻട്രൻസ് ബിൽഡിംഗ്
- പ്രീസ്റ്റ് ഹൗസ്
- ഗുജറാത്തി ഹെറിറ്റേജ് സെന്റർ
- ഗുജറാത്തി സ്കൂൾ
- കെ.സി. കരുണാകരൻ മ്യൂസിയം

**ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ ആകെ 5 ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.**

- ബീച്ച് സൈഡ് വികസനം
- യാൺ മ്യൂസിയം (കയർഫെഡ്)
- കൺസർവേഷൻ ഓഫ് ലിയോ സ്കൂൾ.

- ഗാന്ധി മ്യൂസിയം (കയർഫെഡ്- മധുര കമ്പനി)
- മ്യൂസിയം ഓഫ് ലേബർ മൂവ്മെന്റ്

**ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ നാലാം ഘട്ടം**

സീപെയർ

**ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ അഞ്ചാം ഘട്ടം**

കനാൽ സൈഡ് ഡെവലപ്മെന്റ്

## 2.2 ആലപ്പുഴ ഹെറിറ്റേജ് സ്റ്റേറ്റ് പ്രോജക്ട്

1. ആലപ്പുഴ പൈതൃക പദ്ധതി - ഡെവലെപ്മെന്റ് ഓഫ് മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി അറ്റ് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ആലപ്പുഴ

**പ്രധാന ഘടകങ്ങൾ** - ഷെഡ് എ, ലോറി ഷെഡ്, ഗോഡൗൺ ബി, ഷെഡ് ഡി, ഗോഡൗൺ എ, എൻട്രൻസ്സ് ഷോപ്പ് ബിൽഡിംഗ്, ബംഗ്ളാവ് എന്നിവയുടെ അറ്റകുറ്റപണികൾ, ക്യാൻറീൻ ബ്ലോക്ക്, ഷെഡ് ബി.

2. ആലപ്പുഴ പൈതൃക പദ്ധതി - ഡെവലപ്മെന്റ് ഓഫ് മ്യൂസിയം ഓഫ് ലിവിങ് കയർ ഫാക്ടറി അറ്റ് ന്യൂ മോഡൽ കയർ ഫാക്ടറി, ആലപ്പുഴ

**പ്രധാന ഘടകങ്ങൾ** - എൻട്രൻസ് ആൻഡ് ടിക്കറ്റിങ് , ലൈഫ് ഓഫ് കയർവർക്കർ, പ്രസ്സ് ഹൗസ് , ഷെഡ്സ് ഡി, 100 ഇയർ ഓൾഡ് ഫാക്ടറി , ഇവാല്യൂഷൻ ഗാലറി, ലിവിങ് ഫാക്ടറി ഗാലറി 1 , ലിവിങ് ഫാക്ടറി ഗാലറി 2 , പാത് വേ & ലാൻഡ്സ്കേപ്പിങ്, അഡ്മിൻ ബ്ലോക്ക് എന്നിവ.

3. ആലപ്പുഴ പൈതൃക പദ്ധതി - ഡെവലപ്മെന്റ് ഓഫ് യാൺ മ്യൂസിയം അറ്റ് കയർ ഫെഡ് ആലപ്പുഴ

**പ്രധാന ഘടകങ്ങൾ** - മെയിൻ ബ്ലോക്ക് സ്റ്റോറേജ് ഷെഡ് ബി, ഷെഡ് അലോങ് ദി റോഡ്, റബ്ബർ മാറ്റിങ് യൂണിറ്റ്. സ്റ്റോറേജ് യൂണിറ്റ്, ലാന്റ്സ്കേപ്പിംഗ് വർക്ക് ഫോർ യാൺ മ്യൂസിയം, സൈനേജ്, ഇലക്ട്രിക്കൽ വർക്, ആർ.ഡി.ഒ ബിൽഡിംഗ്.

4. ആലപ്പുഴ പൈതൃക പദ്ധതി- റിപ്പയർ ആൻഡ് മെയിന്റനൻസ് ഓഫ് ഷെഡ് ബി, കയർ കോർപ്പറേഷൻ ആന്റ് ക്യാൻറ്റിൻ ബ്ലോക്ക് ഫോർ മ്യൂസിയം

**പ്രധാന ഘടകങ്ങൾ** - ഷെഡ് ബി & ക്യാന്റീൻ ബ്ലോക്ക് എന്നിവയുടെ അറ്റകുറ്റപ്പണികൾ.

5. ആലപ്പുഴ പൈതൃക പദ്ധതി- സൈനേജസ് അറ്റ് ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട്സ്

**പദ്ധതി ഘടകങ്ങൾ** - ആലപ്പുഴ പൈതൃക പദ്ധതിയുടെ വിവിധ പ്രദേശങ്ങളിൽ സൈനേജസ് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ

## 3. തലശ്ശേരി ഹെറിറ്റേജ് പ്രോജക്റ്റ്

### 3.1 കിഫ്ബി മുഖാന്തരം നടപ്പാക്കുന്ന പദ്ധതി

ഈ പദ്ധതിയ്ക്കായി 145.541 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. ഈ പദ്ധതി രണ്ട് ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി 78.162 കോടി രൂപ കിഫ്ബി അനുവദിച്ചു.

ഈ പദ്ധതിയുടെ SPV യായി KIIDC യെയാണ് തെരഞ്ഞെടുത്തത്.

ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 40.95 കോടി രൂപ കിഫ്ബി അനുവദിച്ചു. ഈ പദ്ധതിയിൽ 14 ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

- ജഗന്നാഥ ക്ഷേത്രം
- പിൻഡാലി കളരി ഹൗസ്
- കൊട്ടിയൂർ ശിവ ക്ഷേത്രം - ടൂറിസ്റ്റ് അമിനിറ്റി സെന്റർ & സ്ട്രീറ്റ് സ്കേപ്പ്
- ഇല്ലിക്കുന്ന് ചർച്ച്
- അണ്ടല്ലൂർ കാവ്
- മക്രേരി സുബ്രമണ്യസ്വാമി ക്ഷേത്രം
- ലോകനാർക്കാവ് ക്ഷേത്രം
- പഴശ്ശി പാലസ് (കോട്ടയം മലബാർ)
- തിരുവങ്ങാട് ശ്രീരാമസ്വാമി ക്ഷേത്രം
- തൃശില്ലേരി മഹാദേവ ക്ഷേത്രം
- തിരുന്നെല്ലി മഹാ വിഷ്ണു ക്ഷേത്രം
- ഓടത്തിൽ മോസ്ക് & പാരീസ് ഹോട്ടൽ സ്ട്രീറ്റ്
- മുൻസിപ്പൽ സ്റ്റേഡിയം (THP ഓഫീസ്)
- കക്കുളങ്ങര മോസ്ക്

ഈ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 37.212 കോടി രൂപ കിഫ്ബി അനുവദിച്ചു. ഈ പദ്ധതിയിൽ 14 ഘടകങ്ങളാണ് ഉള്ളത്.

- ശ്രീ പെരളശ്ശേരി ക്ഷേത്രം
- കതിരൂർ സൂര്യനാരായണ ക്ഷേത്രം
- ശ്രീ തച്ചോളിമാണിക്കോത്ത് ക്ഷേത്രം
- പനമരം
- വടകര താഴെ അങ്ങാടി
- പഴശ്ശിരാജ സ്മൃതി മണ്ഡപം
- വള്ളിയൂർക്കാവ് സ്ട്രീറ്റ്സ്കേപ്-കൺവെൻഷൻ സെന്റർ
- ശ്രീ ചിറയ്ക്കകാവ് ഭഗവതി ക്ഷേത്രം
- പുരളിമല ക്ഷേത്രം (മാലൂർ പുരളിമല ചിത്രപീഠം മുത്തപ്പൻ മഠപ്പുര)
- പഴശ്ശി കോവിലകം (മട്ടന്നൂർ) - (NOC ലഭ്യമാകണം)
- ശ്രീ മൃദംഗ ശൈലേശ്വരി ക്ഷേത്രം
- തൊടീക്കളം ശിവ ക്ഷേത്രം
- ശ്രീ ഊർപഴശ്ശിക്കാവ് ക്ഷേത്രം
- അറയ്ക്കൽക്കെട്ട് - (NOC ലഭ്യമാകണം)
- 

## 3.2 സ്റ്റേറ്റ് മുഖാന്തരം നടപ്പാക്കുന്ന പദ്ധതി

തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ രണ്ട് ഘട്ടങ്ങളിലായി 14 പദ്ധതികൾ ഉൾപ്പെടുന്നു.

1. കൺസർവേഷൻ ഓഫ് ഓൾഡ് ഫയർ ടാങ്ക് ആന്റ് ഡെവലപ്മെന്റ് ഓഫ് പെർഫോമൻസ് സെന്റർ ഹെറിറ്റേജ് സ്ട്രീറ്റ് അറ്റ് താഴെ അങ്ങാടി
2. കൺസർവേഷൻ ഓഫ് തലശ്ശേരി പിയർ & ഡെവലപ്മെന്റ് ഓഫ് ഫുഡ് സ്ട്രീറ്റ് & സ്കൾപ്ച്ചർ പാർക്ക്
3. കൺസർവേഷൻ റീ യൂസ് ഓഫ് ഗുണ്ടർട്ട് ബംഗ്ലോ ആസ് ലാങ്ഗ്വേജ് മ്യൂസിയം, ജർമൻ സ്റ്റഡി സെന്റർ

4. കൊട്ടിയൂർ ടെമ്പിൾ - ടൂറിസം എക്സ്പീരിയൻസ് സ്ട്രീറ്റ്
5. സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് - സ്ട്രീറ്റ് ഡെവലപ്മെന്റ് & ലാൻഡ് സ്കേപ്പ് ഡിസൈൻ
6. താഴെ അങ്ങാടി സ്ട്രീറ്റ് ഡെവലപ്മെന്റ്
7. ജഗന്നാഥ ടെമ്പിൾ - മ്യൂസിയം ഓഫ് ആർട്ട് & സോഷ്യൽ റിഫോമ്സ്
8. ഗുണ്ടർട്ട് ബംഗ്ലോ -ഡവലപ്മെന്റ് ഓഫ് മ്യൂസിയം കമ്പോണന്റ്സ്
9. തലശ്ശേരി പൈതൃക പദ്ധതി - വേ ഫൈൻഡിങ് സൈനേജസ്
10. തൊടീക്കളം ടെമ്പിൾ - ഡവലപ്മെന്റ് ഓഫ് മ്യൂസിയം ഓഫ് മ്യൂറൽസ് വിത്ത് ടൂറിസം അമിനിറ്റീസ്
11. മൃദംഗ ശൈലേശ്വരി ടെമ്പിൾ - ഡവലപ്മെന്റ് ഓഫ് പഴശ്ശി മ്യൂസിയം & ഗ്യാലറി
12. ഡെവലപ്മെന്റ് ഓഫ് മക്രേരി ടെമ്പിൾ - മ്യൂസിയം ഓഫ് മ്യൂസിക്
13. വള്ളിയൂർകാവ് - വിപണ കേന്ദ്രത്തിന്റെയും പ്രദർശന ശാലയുടെയും വികസനം.
14. പഴശ്ശി സ്മൃതി മണ്ഡപം, മാവിലന്തോട് മ്യൂസിയവും പ്രവേശന കവാടവും

**4. മുസിരിസ് പൈതൃക പദ്ധതി**

ഈ പദ്ധതിയുടെ കീഴിൽ പറവൂർ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റികളും, മതിലകം, എസ്.എൻ പുരം, എറിയാട്, ഇടവിലങ് ,ചേന്ദമംഗലം,വടക്കേക്കര, ചിറ്റാറ്റുകര, പുത്തൻ വേലിക്കര, പള്ളിപ്പുറം , മാള , പൊയ്യ, വെള്ളാങ്ങല്ലൂർ എന്നീ പഞ്ചായത്തുകളും ആണ് ഉൾപ്പെടുന്നത്. പദ്ധതിപ്രദേശത്തെ പൈതൃക സ്മാരകങ്ങളും സ്ഥലങ്ങളും സംരക്ഷിക്കുകയും ഇവ ഉപയോഗപ്പെടുത്തി മ്യൂസിയങ്ങളും മറ്റും സ്ഥാപിച്ചുകൊണ്ട് ഹെറിറ്റേജ് ടൂറിസം വളർത്തിയെടുക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൂടാതെ നമ്മുടെ പൈതൃകത്തെ കുറിച്ച് സാധാരണ ജനങ്ങളിലും വിദ്യാർത്ഥികളിലും അവബോധം വളർത്തിയെടുക്കുന്നതിനുള്ള അനൗപചാരിക വിദ്യാഭ്യാസപദ്ധതിയും ഇത് വിഭാവനം ചെയ്യുന്നു . അനൗപചാരിക വിദ്യാഭ്യാസ പദ്ധതിക്ക് വേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുസിരിസ് പ്രോജക്റ്റിൽ കുട്ടികൾക്ക് വേണ്ടി "ഹെറിറ്റേജ് വാക്ക് " എന്ന പേരിൽ ഒരു പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ.**